LIBRARY ARCHIVES Kerala Legislative Assembly

(4) വാട്ടർ സപ്ലൈ സ്കീം

ശ്രീ. കെ. പി. എ. മജീദ്: സർ, തിരുരങ്ങാടിയിലെ കല്ലുക്കയം കുടിവെള്ള പദ്ധതിക്കായി 10 കോടി രൂപ അനുവദിക്കുകയും ടെണ്ടർ നടപടികളും മറ്റ് അനുബന്ധകാര്യങ്ങളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായ കിണറിന്റെ നിർമ്മാണം പൂർണ്ണമായും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം 80 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഈ പ്രവൃത്തി നിലച്ചിരിക്കുകയാണ്. കാരണം പൈപ്പ്ലൈൻ കൊണ്ടുപോകേണ്ട റോഡിനുവേണ്ടി പി.ഡബ്ല്യു.ഡി.-ലേയ്ക്ക് ആവശ്യമായ തുക അടയ്ക്കേണ്ടതുണ്ട്. പദ്ധതിയുടെ പുനരുദ്ധാരണത്തിനുവേണ്ടി ജലവിഭവ വകുപ്പിന് 80 ലക്ഷം രൂപ ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുടർന്നുള്ള തുക ലഭ്യമാകാത്തതുകൊണ്ട് പ്രവൃത്തി നിലച്ചിരിക്കുന്ന സ്ഥിതിയാണുള്ളത്. പരപ്പനങ്ങാടി, നാടുകാണി റോഡുകളുടെ പണി ദ്രുതഗതിയിൽ നടക്കുകയാണ്. അതുവഴിയാണ് ഈ പൈപ്പ്ലൈൻ കൊണ്ടുപോകേണ്ടത്. അതിനാൽ അതിനാവശ്യമായ പണം നീക്കിവച്ചില്ലെങ്കിൽ ഈ പദ്ധതി നിശ്ചലമാകുന്ന സാഹചര്യമാണുള്ളത്. ഇത് വളരെ അടിയന്തരമായ ഒരു പ്രശ്നമായതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി എത്രയുംവേഗം ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തിരുരങ്ങാടി കുടിവെള്ള പദ്ധതിക്ക് 10 കോടി രൂപ അനുവദിച്ച്, ഭരണാനുമതി കൊടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ചില സാങ്കേതിക തടസ്സങ്ങളൊക്കെ നേരിട്ടിട്ടുണ്ട്. ഇതുവരെയുള്ള പ്രവൃത്തികൾ പരിശോധിച്ചാൽ, ചില കാര്യങ്ങൾ 25 ശതമാനം മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്. പിഴ ചുമത്തി, പൂർത്തീകരണ കാലാവധി 2021 മാർച്ച് 31-നുൾപ്പെടെ രണ്ട് തവണ നീട്ടിക്കൊടുത്തിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ വേഗത്തിൽ പണി പൂർത്തിയാക്കുന്നില്ലെന്ന കാരണത്താൽ നിലവിലെ കരാറുകാരനായ ശ്രീ. എൻ. ഡി. കുര്യാക്കോസ് റിസ്ക് & കോസ്റ്റിൽ പ്രവൃത്തി ചെയ്യുന്നത് 3-5-2021-ൽ റദ്ദ് ചെയ്യുകയും ചെയ്തു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു പ്രധാന കാര്യമാണ് ബഹുമാനപ്പെട്ട അംഗം സഭയിൽ അവതരിപ്പിച്ചത്. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യിൽ 2,23,31,956 രൂപയും എൻ.എച്ച്. അതോറിറ്റിയിൽ 14,05,909 രൂപയും കെട്ടിവയ്ക്കേണ്ടതായിരുന്നു. എന്നാൽ അതിൽ പി.ഡബ്ല്യു.ഡി.-യിൽ കെട്ടിവയ്ക്കേണ്ട തുകയിൽ 80,66,276 രൂപയാണ് 25-2-2020-ൽ നൽകാൻ കഴിഞ്ഞത്. അതേസമയം, ഡി.എഫ്.ഐ.പി. (District Flagship Infrastructure Project)-യിൽപ്പെട്ട മേൽതിരുരങ്ങാടി-

LIBRARY ARCHIVES Kerala Legislative Assembly

പരപ്പനങ്ങാടി റോഡിന്റെ പുനരുദ്ധാരണം കഴിഞ്ഞ് ഡി.എൽ.പി. നിലവിൽ വന്നതിനാൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുകയുണ്ടായില്ല. തിരൂരങ്ങാടി മുനിസിപ്പാലിറ്റി ഈ പ്രവൃത്തി ആരംഭിച്ച സമയത്ത് ഗ്രാമപഞ്ചായത്തായിരുന്നു, 2016-ലാണ് മുനിസിപ്പാലിറ്റിയായി മാറിയത്. 2021 മാർച്ച് മാസത്തോടെ എൻ.ആർ.ഡി.ഡബ്ല്യു.പി.-യിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ പുതിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഇത് പൂർത്തീകരിച്ചാൽ അവിടത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഗൗരവം മനസ്സിലാക്കി അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) ഓൺലൈൻ ക്ലാസ് സമയക്രമം

ശ്രീ. എം. നൗഷാദ്: സർ, കോവിഡ് കാലഘട്ടത്തിൽ, വിദ്യാഭ്യാസ മേഖല ഡിജിറ്റലായി. ജൂൺ മാസം 1-ാം തീയതി മുതൽ നമ്മൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽക്കൂടിയാണ് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നത്. അങ്ങനെ വിദ്യാഭ്യാസം നൽകുമ്പോൾ ഈ ഒരാഴ്ചയ്ക്കുള്ളിൽ ശ്രദ്ധയിൽവന്ന രണ്ട് കാര്യങ്ങൾ ഞാൻ ഉന്നയിക്കുകയാണ്. ടൈംടേബിൾ നേരത്തെ പറയാറുണ്ടെങ്കിലും കൃത്യമായി അത് പാലിക്കപ്പെടുന്നില്ല. മുമ്പ് 9.00 മണിക്ക് തുടങ്ങി 3.30-ന് ക്ലാസ്സുകൾ അവസാനിക്കുമായിരുന്നു. പക്ഷേ ഇപ്പോൾ അതിന് ഒരു വ്യവസ്ഥയുമില്ല. ഇത് ഡിജിറ്റലാണ് എന്നുള്ളതുകൊണ്ടുതന്നെ എയ്ഡഡ് സ്കൂളുകളും സർക്കാർ സ്കൂളുകളും ഇതിന്റെ പരിധിയിൽപ്പെടുന്നതാണ്. അപ്പോൾ കൃത്യമായ സമയക്രമം, ഇത്ര മണിമുതൽ ഇത്ര മണിവരെ എന്നുറപ്പുവരുത്താൻ സർക്കാർ ശ്രദ്ധിക്കണം. മാത്രമല്ല, ഇപ്പോൾ ഓൺലൈൻ ക്ലാസ് വഴി നൽകുന്ന ഡാറ്റയുടെ അളവ് വളരെ കൂടുതലാണ്. അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് എന്തെന്നാൽ ഡാറ്റയുടെ ഉപയോഗം 2 ജി.ബി.-ക്ക് മുകളിലാണെങ്കിൽ സ്വാഭാവികമായും വലിയ തുകയ്ക്ക് നെറ്റ് ചാർജ്ജ് ചെയ്യേണ്ടതായിവരും. രണ്ടോ മൂന്നോ കുട്ടികൾ പഠിക്കുന്ന സാധാരണ കുടുംബങ്ങൾക്ക് ഈ കോവിഡ് കാലഘട്ടത്തിൽ അത് ചാർജ്ജ് ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇങ്ങനെ നൽകുന്ന ഡാറ്റയുടെ അളവ് 2 ജി.ബി.-ക്കുള്ളിൽ ക്രമീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ രണ്ട് കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച ഡിജിറ്റൽ ക്ലാസ്സുകൾ ഈ വർഷവും തുടരേണ്ട